LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരമായി ഡാക്ടർമാരില്ലാത്ത ഹെൽത്ത് യൂണിറ്റുകൾ.

* 866. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥിരമായി ഡാക്ടർമാരില്ലാതെ അടുത്ത സ്ഥാപനങ്ങളിൽ നിന്നും ഡാക്ടർ വന്ന ഇടയ്ക്കുമാത്രം ഡ്യൂട്ടിനോക്കുന്ന എത്ര ഹെൽത്ത് യൂണിറ്റുകൾ ഉണ്ട്;

(ബി) കീച്ചേരി ഹെൽത്ത് യൂണിറ്റിൽ സ്ഥിരം ഡാക്ടർ എന്നുമുതലില്ലാതായി ;

(സി) ഒരു സ്ഥിരം ഡാക്ടറെ അവിടെ നിയമിക്കാൻ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) രണ്ട് പ്രൈമറി ഹെൽത്തുസെൻറുകളുണ്ട്.

(ബി) 2-5-1963 മുതൽ 15-9-1963 വരെ സ്ഥിരം ഡാക്ടറില്ലായിരുന്നു.

(സി) നിയമിച്ചുകഴിഞ്ഞു.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ വരുന്ന ഡാക്ടർമാരെല്ലാം താമസസൗകര്യമില്ലെന്നുപറഞ്ഞു പോകുകയാണു ചെയ്യുന്നതു്. അതുകൊണ്ടു് അവിടെ കാർട്ടേഴ്സു പണിയുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : തൽക്കാലം ബുദ്ധിമുട്ടുള്ളതുകൊണ്ടു് നാട്ടുകാരുടെ സഹകരണത്തോടെ ഡാക്ടർമാർക്കു് താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കണം. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കാർട്ടേഴ്സു പണിയുന്നതിനു് ഒരു ഫോസ്ഡ് പ്രോഗ്രാം ഉണ്ടു്. അതിനാവശ്യമായ തീരുമാനം എടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഡാക്ടർമാരില്ലാത്ത രണ്ടു സെൻററുണ്ടെന്നു പറഞ്ഞു. ബാലുശേരി സെൻററിലുള്ള ഡാക്ടർ വേറെ ഒന്നിനേറയുംകൂടി ചാർജ്ജു വഹിക്കുന്നുണ്ടു്. അതുകൊണ്ടു് രണ്ടിടത്തേയും പ്രവർത്തനം ശരിയായി നടക്കുന്നില്ലെന്നു പരാതിയുണ്ടു്. അവിടെ വേറെ ഡാക്ടറെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണു്. പെരുമ്പളം, നരിക്കുനി എന്നീ രണ്ടു ഹെൽത്ത് സെൻററിലാണു് ഇപ്പോഴും ഡാക്ടരില്ലാത്തതു്. നരിക്കുനിൽ ഡാക്ടരില്ലാത്തതുകൊണ്ടു് ബാലുശേരിയിലെ ഡാക്ടർ അവിടെ പോയി രോഗികൾക്കു് വേണ്ട ചികിത്സ നൽകിക്കൊണ്ടിരിക്കുകയാണു്. രണ്ടിടത്തും ഡാക്ടർമാരെ താമസിയാതെ നിയമിക്കുവാൻ കഴിയുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ഹെൽത്ത് യൂണിറ്റിലെ സ്റ്റാഫ് പാറ്റേൺ എന്താണെന്നു പറയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി എനിക്കറിഞ്ഞുകൂടാ. എൻറെ ഓർമ്മയിൽനിന്നു് ഞാൻ പറയാം. ഒരു ഡാക്ടർ, ഒരു കമ്പൗണ്ടർ, ഒരു ഹെൽത്തുവിസിറ്റർ, ഒരു ഹെൽത്തു ഇൻസ്പെക്ടർ, ഒരു പ്യൂൺ എന്നിവരാണെന്നാണു് തോന്നുന്നതു്.

ശ്രീ. പി. നാരായണൻ തമ്പി : രണ്ട് പ്രൈമറി ഹെൽത്ത് സെൻററിൽ ഡാക്ടറില്ലെന്ന പറഞ്ഞു. സ്റ്റേററിലുള്ള എല്ലാ പ്രൈമറി ഹെൽത്ത് സെൻറുകളിലും, ബ്ലാക്കിൻെറ കീഴിൽ നിന്നിച്ചിട്ടുള്ള പ്രൈമറി ഹെൽത്ത് സെൻറുകളിലുമെല്ലാം ഡാക്ടർമാരെ നിയമിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : രണ്ട് പ്രൈമറി ഹെൽത്ത് സെൻറെഴികെ ബാക്കി എല്ലായിടത്തും ഡാക്ടർമാരെ നിയമിച്ചിട്ടുണ്ട്.

പബ്ലിക് ഹെൽത്ത് ആക്ററും റൂംസും

* 867. [9] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ ബാധകമാക്കിയിട്ടുള്ള പബ്ലിക് ഹെൽത്ത് ആക്ററ് ഏതാണ് ;

(ബി) പബ്ലിക് ഹെൽത്ത് ആക്ററ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ റൂംസ് ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ പബ്ലിഷ് ചെയ്തിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) സംസ്ഥാനത്തൊട്ടാകെ ബാധകമായിട്ടുള്ള ഒരു പബ്ലിക് ഹെൽത്ത് ആക്ററ് ഇല്ല. തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് തിരുവിതാംകൂർ-കൊച്ചി പബ്ലിക് ഹെൽത്ത് ആക്ററും മലബാർ പ്രദേശത്ത് മദിരാശി പബ്ലിക് ഹെൽത്ത് ആക്ററും ബാധകമാണ്.

(ബി) തിരുവിതാംകൂർ-കൊച്ചി പബ്ലിക് ഹെൽത്ത് റൂംസ് 1959-ൽ പ്രസിദ്ധം ചെയ്യുകിലും നടപ്പിലായിട്ടില്ല. മദിരാശി പബ്ലിക് ഹെൽത്ത് ആക്ററിൻെറ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ മദിരാശി ആക്ററ് പ്രാബല്യത്തിലുള്ള പ്രദേശത്ത് നിലവിലുണ്ട്.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ : ഈ റൂംസ് ഏകീകരിക്കാൻ വേണ്ടിയിട്ട് വല്ല നടപടിയും എടുക്കാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദർ നായർ : നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിലേക്കുവേണ്ടി കഴിഞ്ഞ നിയമസഭാസമ്മേളനകാലത്തുതന്നെ ഇതുസംബന്ധിച്ചു നിയമനിർമ്മാണം ചെയ്യുവാൻ കേന്ദ്രപാർലമെൻറിൽ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

ശ്രീ. എം. എ. ആൻറണി : ശവം മറവുചെയ്യുന്നത് നിരോധിച്ചുകൊണ്ട് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറ് നിയമം പാസ്സാക്കിയതുകൊണ്ട് ഈ രാജ്യത്ത് വളരെയധികം കുഴപ്പങ്ങൾ ഉണ്ടാകുന്നു. അതു മനസ്സിലാക്കിക്കൊണ്ട് ഈ ആക്ററും റൂംസും ഭേദഗതി ചെയ്യാൻ ഉദ്ദേശമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതനുസരിച്ചുള്ള റൂംസിനെ സംബന്ധിച്ചിടത്തോളം ഹെൽത്ത് ഡിപ്പാർട്ടുമെൻറല്ല ചെയ്യേണ്ടത്. ഇപ്പോൾ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമാണ് അധികാരം. അതിനനുസരിച്ച് ഉള്ള നടപടികളെല്ലാം ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് എടുത്തുകൊണ്ടിരിക്കുകയാണ്. താമസിയാതെ അതു ഫൈനലൈസ് ചെയ്യാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly